നിഹിത ടി

**STD VI B**

വട്ടിപ്രം യു. പി സ്കൂൾ

# പരിസ്ഥിതി

ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ വസ്തുക്കളും ഉൾകൊള്ളുന്ന, നാം ഇടപഴകുന്ന ചുറ്റുപാടിനെയാണ് പരിസ്ഥിതി എന്നു പറയുന്നത്. ഈ പരിസ്ഥിതി ജീവജാലങ്ങളുടെ ഇടപെടലുകളാലും അല്ലാതെയും നിരന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങളുടെ അനന്തര ഫലമാണ് നാം ഇന്ന് അഭിമുഖീകരിക്കുന്ന പരിസര മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും തൽഫലമായി അടിക്കടിയുണ്ടാവുന്ന പ്രകൃതി ദുരന്തങ്ങളും. പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്ന മനുഷ്യരുടെ ഇടപെടലുകളും തൽഫലമായുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും എന്തൊക്കെയാണെന്നും അവ പരമാവധി കുറയ്ക്കാൻ നമ്മൾക്ക് എന്തു ചെയ്യാൻ പറ്റുമെന്നും നോക്കാം

സാങ്കേതിക വ്യാവസായിക കാർഷിക പുരോഗതിയും വികസനവുമെല്ലാം അനിവാര്യമാണെങ്കിലും ഇവയുടെ ദോഷഫലങ്ങൾ പരിസ്ഥിതിയെ താളം തെറ്റിക്കുന്നതും മനുഷ്യ രാശിയുടെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യുന്നതുമായ ഒരു മഹാ വിപത്തായി വളർന്നുകൊണ്ടിരിക്കുകയാണ്. മണ്ണ്, ജലം, വായു എല്ലാം തന്നെ ഒരു തിരിച്ചുപോക്ക് സാധ്യമല്ലാത്തവിധം നശിച്ചു കഴിഞ്ഞിരിക്കുന്നു. മനുഷ്യരുടെ അത്യാർത്തി നിമിത്തം പ്രകൃതിയിന്മേലുള്ള കടന്നുകയറ്റവും അമിത ചൂഷണവും പ്രകൃതിയുടെ താളംതെറ്റിച്ചിരിക്കുന്നു. മണ്ണ്, വനം, ജലം എന്നിവയുടെ അമിത ചൂഷണവും കരിങ്കൽ ഖനനം, കുന്നിടിക്കൽ, വയൽ നികത്തൽ, ചതുപ്പുകൾ മണ്ണിട്ടു നികത്തൽ എന്നിവ ഇതിനുദാഹരണമാണ്.. ഇന്ത്യയിൽ 19ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഭൂപ്രദേശത്തിന്റെ 32% ൽ അധികം വനമുണ്ടായിരുന്നത് 21 ാം നൂറ്റാണ്ടോടുകൂടി 20% ആയി മാറി. വനനശീകരണം മണ്ണൊലിപ്പ്, വരൾച്ച, മരുഭൂമിവല്കരണം എന്നിവയ്ക്ക് കാരണമാകുന്നു. കനത്ത മഴയിൽ മേൽമണ്ണ് ഒലിച്ചുപോകാതെ സംരക്ഷിക്കുന്നതും കൂടുതൽ മഴവെള്ളം ഭൂമിയിലേക്ക് ഊർന്നിറങ്ങാനും സഹായിക്കുന്നത് മരങ്ങളുടെ വേരുകളാണ്. മരങ്ങൾ വെട്ടി നശിപ്പിക്കുന്നത് അങ്ങനെ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയാനും ഭൂഗർഭ ജലവിതാനം താഴാനും കാരണമാകുന്നു. ഇത് അന്തിമമായി ഭക്ഷ്യക്ഷാമത്തിലേക്കും ജലക്ഷാമത്തിലേക്കും നയിക്കുന്നു. വ്യാവസായവല്കരണത്തിന്റെ ഭാഗമായി ഭൂഗർഭ ജലം പരമാവധി ഊറ്റി എടുക്കുകയാണ് നാമിപ്പോൾ. കൂടാതെ കാർഷിക പ്രവർത്തനങ്ങൾ കുറഞ്ഞ് കുറഞ്ഞ് വരുന്നതിനാൽ മഴവെള്ളം ഭൂമിയിലേക്ക് സംഭരിക്കപ്പെടുന്നതും കുറഞ്ഞു വരുന്നു. എല്ലാംകൊണ്ടും സമീപഭാവിയിൽ രൂക്ഷമായ ജലക്ഷാമം നാം അഭിമുഖീകരിക്കേണ്ടുവരും. ഇതിങ്ങനെ തുടർന്നാൽ നാട്ടിൻപുറങ്ങളിൽ പോലും കുടിവെള്ളം വൻവില കൊടുത്തു വാങ്ങേണ്ടി വരുന്ന നാളുകൾ അതിവിദൂരമല്ല.

വ്യാവസായിക, സാങ്കേതിക വിപ്ലവങ്ങളുടെ ഫലമായി മോട്ടോർ വാഹനങ്ങളുടെയും എസി, റഫ്രിജറേറ്റർ എന്നിവയുടെയും ഉപയോഗത്തിലുണ്ടായ അനിയന്ത്രിതമായ വർദ്ധനവ് നമ്മുടെ അന്തരീക്ഷത്തെ മാരകമായ രീതിയിൽ മലിനപ്പെടുത്തിയിരിക്കുന്നു. അടുത്തകാലത്തായി ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതും ആശങ്കപ്പെടുത്തിട്ടുള്ളതുമായ വാർത്തയാണ് നമ്മുടെ തലസ്ഥാന നഗരിയായ ഡൽഹിയിലെ മൂടൽ മഞ്ഞും വായുമലിനീകരണവും. ആഴ്ചകളോളം ജനങ്ങൾക്ക് പുറത്തിറങ്ങാൻ പോലുമാവാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം അടച്ചിടുന്ന അവസ്ഥ പോലുമുണ്ടായി. കർശന വാഹന നിയന്ത്രണം ഏർപ്പെടുത്തിയിട്ടു കൂടി സ്ഥിതി ഏറെ മെച്ചപ്പെട്ടിട്ടില്ല. ഇതിങ്ങനെ പോയാൽ ശുദ്ധവായുവിനായി പ്രധാന പട്ടണങ്ങളിലെങ്കിലും ഓക്സിജൻ ബൂത്തുകൾ പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കേണ്ട അവസ്ഥ ഭാവിയിൽ സംജാതമാവും.

വായുപോലെ തന്നെ നമ്മുടെ മണ്ണും ജലവുമെല്ലാം അത്യന്തം മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. വ്യാവസായ ശാലകളിൽ നിന്നും ആശുപത്രി, ഭക്ഷണശാലകൾ തുടങ്ങിയവയിൽ നിന്നും രാസ, ജൈവ, അജൈവമാലിന്യങ്ങൾ നമ്മുടെ മണ്ണും ജലവുമെല്ലാം അനുദിനം മലിനമാക്കുന്നു. ഇതിന്റെ ഫലമായി നമ്മുടെ മത്സ്യ സമ്പത്തിൽ കാര്യമായ കുറവു വന്നിട്ടുണ്ട്. ഒരിക്കലും പൂർണ്ണമായും ഒഴിവാക്കാൻ പറ്റാത്തതും എന്നാൽ അത്യന്തം അപകടകരവുമായ ഒന്നാണ് പ്ലാസ്റ്റിക്ക് വസ്തുക്കൾകൊണ്ടുള്ള

Scanned with CamScanner

മലിനീകരണം. ഈ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മണ്ണും ജല സ്രോതസ്സുകളുമെല്ലാം ഒരു ആവരണം പോലെ മൂടുകയാണ്.

ഇങ്ങനെയുള്ള പരിസ്ഥിതി മലിനീകരണത്തിന്റെ ഫലമായി കാലാവസ്ഥാ വ്യതിയാനം, വെള്ളപ്പൊക്കം, വരൾച്ച, ആഗോള താപനം എന്നിവ നാം അഭിമുഖീകരിക്കുകയാണ്. കൂടാതെ അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ പാരിസ്ഥിതിക അസന്തുലിതാവസ്ഥയെയും തത്ഫലമായുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തെയുമാണ് സൂചിപ്പിക്കുന്നത്. ഈ അടുത്തകാലത്ത് ഏറെ ശ്രദ്ധയാർജ്ജിച്ച വാർത്തയാണ് ആമസോൺ കാടുകളിലെ തീപിടുത്തം. ഇത് ആഗോളതാപനത്തിന്റെ പരിണിത ഫലമായാണ് വിലയിരുത്തപ്പെടുന്നത്. ഇവയെല്ലാം നമ്മുടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നു കൂടി ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ് ഊന്നിപ്പറയുന്നത്.

19ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അന്തർദേശീയ തലത്തിൽ തന്നെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ നാട്ടിലും ഒട്ടേറെ ഗവൺമെന്റ് ഗവൺമെന്റിതര സന്നദ്ധ സംഘടനകളും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. എന്നാൽ നമ്മുടെ ഭൂമിയുടെ ഇന്നത്തെ അവസ്ഥ സൂചിപ്പിക്കുന്നത് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ സംഘടനാ തലത്തിൽ ഒതുങ്ങി നിൽക്കാതെ ലോകമെമ്പാടും ഒരു ജനകീയ മുന്നേറ്റമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയാണ്. ഇതിനായി നമുക്കൊരു കർമ്മ പദ്ധതി തയ്യാറാക്കാവുന്നതാണ്. നമ്മുടെ മണ്ണും ജലവും സംരക്ഷിക്കാനായി ഇവയുടെ ദുരുപയോഗം പരമാവധി കുറയ്ക്കുക, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും കാർഷിക പ്രവർത്തനങ്ങളും വനവല്കരണവും പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക, പുതുതലമുറയെ മണ്ണിലേക്കും കൃഷിയിലേക്കും ആകർഷിക്കാൻ ബോധവല്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവ നടപ്പിലാക്കണം. രാസ മാലിന്യങ്ങൾ കുറയ്ക്കാനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അന്തരീക്ഷ മലിനീകരണത്തിന്റെ പ്രധാന കാരണമായ ജൈവ ഇന്ധനങ്ങ(fossil fuel)ളുടെ ഉപയോഗം കുറയ്ക്കുകയും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സു( സൗരോർജ്ജം പോലുള്ളവ)കളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ പൊതു ഗതാഗത സംവിധാനങ്ങളെ കൂടുതലായി ആശ്രയിക്കുന്ന ശീലം നമ്മൾ വളർത്തിക്കൊണ്ടുവരണം. പരിസര മലിനീകരണത്തിന്റെ പ്രധാന സ്രോതസ്സായ പ്ലാസ്റ്റിക്ക് ഉപയോഗം പരമാവധി കുറയ്ക്കുകയും പകരം പ്ലാസ്റ്റിക്കിതര സംവിധാനങ്ങൾ കൂടുതലായി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ തന്നെ പ്ലാസ്റ്റിക്ക് വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുകയും അല്ലാത്തവ സുരക്ഷിതമായി സംസ്കരിക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും വേണം

മുകളിൽ സൂചിപ്പിച്ചവയെല്ലാം കുറച്ച് വർഷങ്ങളായി നമ്മുടെ നാട്ടിൽ നടപ്പിലാക്കി വരുന്നവയാണെങ്കിലും കൂടുതൽ കാര്യക്ഷമമായി അത് ഒരു ജീവിതചര്യയായി നടപ്പിലാക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു. മണ്ണ്, ജലം, മരം തുടങ്ങിയ പ്രകൃതി വിഭവങ്ങൾ വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണെന്നും അത് ചൂഷണം ചെയ്യാതെ നല്ല രീതിയിൽ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും നാം മനസ്സിലാക്കണം. അങ്ങനെ നമ്മുടെ ഈ ഭൂമി വരും തലമുറയ്ക്ക് കൂടി വാസയോഗ്യമായ രീതിയിൽ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ഊർജ്ജിതപ്പെടുത്തണം.

Scanned with CamScanner